# ‘ദൈവത്തെ പ്രസാദിപ്പിക്കുക’

## യോഹന്നാൻ 06:28

“അവർ അവനോട് ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവൃത്തിക്കേണ്ടതിന്നു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു.”

ദൈവത്തെ പ്രസാദിപ്പിക്കുവാൻ വേണ്ടി എന്ത് ചെയ്യണമെന്നു അന്വേഷിക്കുകയും, ദൈവം പ്രസാദിക്കും എന്നു കരുതി മാനുഷികമായ ബുദ്ധിയിൽ തോന്നുന്ന പല കാര്യങ്ങളും ചെയ്തു കൂട്ടുന്നതുമായ ഒരു സമൂഹത്തിന്റെ മധ്യത്തിലാണ് നാം ഇന്ന് ആയിരിക്കുന്നത്. ചിലർ സ്വയം പീഡിപ്പിക്കുന്നു, നേർച്ച കാഴ്ചകൾ അർപ്പിക്കുന്നു, പണം കൊടുക്കുന്നു, തീർത്ഥാടനം നടത്തുന്നു, ദാനധർമ്മം ചെയ്യുന്നു. ഇതൊക്കെ അതിൽ തന്നെ തെറ്റല്ല എങ്കിലും യഥാർഥമായി ദൈവം എപ്പോഴാണ് പ്രസാദിക്കുന്നത്? ഈ ഒരു തിരിച്ചറിവ് ഇന്നു ദൈവമക്കൾക്ക് പോലുമില്ല എന്നതാണ് സത്യം.

ദൈവകൽപന പ്രകാരമുള്ള കാര്യങ്ങൾ നാം ചെയ്യുമ്പോൾ ദൈവം പ്രസാദിക്കുന്നു. സ്വന്ത താത്പര്യമല്ല ദൈവത്തിന്റെ വ്യവസ്ഥയാണ് പ്രധാനം. അതു പോലെ ചെയ്യുകയാണ് പ്രധാനം. നീ എനിക്കു എന്റെ ഇഷ്ടപ്രകാരമുള്ള കാര്യങ്ങൾ ചെയ്തു തന്നാൽ ഞാൻ നിന്നെ അനുസരിക്കാം, നേർച്ച അർപ്പിക്കാം എന്നൊക്കെയുള്ള വിച്ചാരമാണ് മനുഷ്യന്. എന്നാൽ ഇതല്ല, ദൈവം പറഞ്ഞിട്ടുള്ള കാര്യങ്ങളെ അനുസരിക്കുക എന്നതാണ് ദൈവത്തെ പ്രസാദിപ്പിക്കാനുള്ള ഏക മാർഗ്ഗം.

ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ച് 1 തെസ്സലോനിക്യർ 4:3 ൽ ഇപ്രകാരം പറയുന്നു, ‘ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ.’’ ഈ സത്യമാണ് നാം തിരിച്ചറിയേണ്ടത്. ജീവിത വിശുദ്ധി കൂടാതെയുള്ള ഒരു നന്മപ്രവൃത്തിയും ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല. വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാധ്യമല്ല അതു കൊണ്ട് നമ്മുടെ ശരീര, ആത്മ മനസ്സുകൾ ഒരു പോലെ വിശുദ്ധിയുള്ളതായിരിക്കണം. അപ്പോൾ ദൈവം നമ്മിൽ പ്രസാദിക്കും. കാരണം നമ്മെ വിളിച്ചവൻ വിശുദ്ധനായിരിക്കയാൽ നാമും വിശുദ്ധിയിൽ ജീവിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ഈ വിശുദ്ധി നാം പ്രാപിക്കണമെങ്കിൽ നമ്മുടെ വ്യക്തി താത്പര്യങ്ങൾ മാറ്റി വെച്ച് ദൈവഹിതത്തിനായി സമർപ്പിക്കണം. എന്നാലിന്ന് വ്യക്തി താത്പര്യങ്ങൾക്ക് എതിരു നിൽക്കുന്നവരെ ശത്രുവായി കാണുന്ന ഒരു പ്രവണതയാണ് മനുഷ്യരിൽ ഉള്ളത്. ഞാൻ

ആഗ്രഹിക്കുന്നത് തരാഞ്ഞാൽ ദൈവത്തെ പോലും ശത്രുവായി കരുതുന്നു. പിന്നെ നമുക്ക് എങ്ങനെ വിശുദ്ധിയിൽ വളരാൻ കഴിയും.

ഈ ലോകത്തെ നേടാൻ വേണ്ടി നാം ഓടുമ്പോൾ, നമ്മെ വിശുദ്ധിയിൽ വളർത്താനും നടത്താനും ദൈവം ആഗ്രഹിക്കുന്നു. പക്ഷെ നമുക്കത് മാത്രം വേണ്ട. എല്ലാ ലൗകീക സുഖങ്ങളും ആഡംബരവും ആസ്വദിച്ച ശേഷം ഇനി ഒന്നും ബാക്കിയില്ല എന്ന അവസ്ഥയിൽ എത്തുമ്പോൾ; കാലയവനികയ്ക്കുള്ളിൽ മറയാൻ സമയമാവുമ്പോൾ; നാം വിശുദ്ധീകരണം ആഗ്രഹിക്കുന്നു. ദൈവഹിതത്തിനായി വഴങ്ങി കൊടുക്കാത്ത ഒരാളുടെ ജീവിതത്തിൽ ദൈവം എങ്ങനെ പ്രവൃത്തിക്കും. എങ്ങനെ പ്രസാദിക്കും. അതുകൊണ്ട് നാം അനുതപിക്കണം, മാനസാന്തരപ്പെടണം, അനുസരിക്കണം. അതിന്നുവേണ്ടി വില കൊടുക്കണം. ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ അതിനായി ഒരുക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**പരാമർശം**

സങ്കീർത്തനങ്ങൾ 19:14

**"എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദകരമായിരിക്കുമാറാകട്ടെ."**

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 049**